സൗജന്യ മെഡിക്കൽ ക്യാംപ്

അങ്കമാലി: ഇന്ത്യൻ റെയിൽവേ പെൻഷനേഴ്സ് അസോസിയേഷൻ കറുകുറ്റി അപ്പോളോ അഡ്ലക്സ് ആശുപത്രിയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. വേങ്ങൂർ സെന്റ് ജോസഫ് പള്ളി പാരീഷ് ഹാളിൽ നടന്ന ക്യാമ്പ് അസോസിയേഷൻ അസോസിയേഷൻ രക്ഷാധികാരി എം. പി. ഗംഗാധരൻ പിള്ള ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് റോബി എബ്രഹാം അധ്യക്ഷത വഹിച്ചു. വേങ്ങൂർ പള്ളി വികാരി ഫാ. ജോയ് ചക്യാത്ത് മുഖ്യാതിഥിയായിരുന്നു. അങ്കമാലി മുനിസിപ്പൽ ചെയർമാൻ മാത്യു തോമസ്, വാർഡ് കൗൺസിലർമാരായ എ.വി. രഘു, ലേഖ മധു, അസോസിയേഷൻ വർക്കിങ് പ്രസിഡന്റ് ജെൻസൺ തോമസ്, വൈസ് പ്രസിഡന്റ് കെ.പി. ഇട്ടൂപ്പ്, ജനറൽ സെക്രട്ടറി അഡ്വ. കെ.പി. പോൾസൺ, ഖജാൻജി സി. പി. മാത്യു, വിലർ എബ്രഹാം എന്നിവർ പ്രസംഗിച്ചു.

തണ്ണീർപ്പന്തൽ തുറന്നു

അങ്കമാലി: വേനൽ ചൂടിനെ അതിജീവിക്കുവാനായി അങ്കമാലി സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ടി.ബി. ജംഗ്ഷനിൽ തണ്ണീർപന്തൽ തുറന്നു. ജിസിഡിഎ ഡയറക്റ്റർ ബോർഡ് അംഗവും, ടെൽക് ഡയറക്റ്റർ ബോർഡ് അംഗവുമായ അഡ്വ.കെ .കെ .ഷിബു തണ്ണീർ പന്തൽ ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് ടി.ജി. ബേബി അധ്യക്ഷത വഹിച്ചു.

ബോഡി ബിൽഡിങ് ഓപ്പൺ പ്രൈസ് മണി മത്സരം 2025ൽ

കൊച്ചി : കേരള ഹെൽത്ത് ക്ലബ് ഓർഗനൈസേഷൻ കേരളത്തിലുള്ള മുഴുവൻ കായികതാരങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോഡി ബിൽഡിംഗ് ഓപ്പൺ പ്രൈസ് മണി മത്സരം 2025ൽ സംഘടിപ്പിക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ബോഡി ബിൽഡിംഗ് അസോസിയേഷനുകളുടെ വഴിവിട്ട പ്രവർത്തനങ്ങൾ ക്ലബ് ഉടമകൾ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നത്. വാർത്താസമ്മേളനത്തിൽ വിജയ മോഹനൻ എ, ജയിസൺ, ബിജു, ഷമീർ എന്നിവർ പങ്കെടുത്തു.

കോൺഗ്രസ് മന്ദിരം വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു

കളമശേരി: കെ.കരുണാകരൻ ഉമ്മൻ ചാണ്ടി സ്മാരക കോൺഗ്രസ് മന്ദിരം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉൽഘാടനം ചെയ്തു. കെപിസിസി മെമ്പർ ജമാൽ മണക്കാടൻ അധ്യക്ഷത വഹിച്ചു. കെപിസിസി ജനറൽ സെക്രട്ടറി അഡ്വ.അബ്ദുൾ മുത്തലിബ്, ഡിസിസി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, ഡിസിസി സെക്രട്ടറി മാരായ ജോസഫ് ആന്റണി, ലിസ്സി ജോർജ്, കെ.വി പോൾ ,ബ്ലോക്ക് പ്രസിഡന്റുമാരായ മധു പുറക്കാട്, കെ.ആർ നന്ദകുമാർ, നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ, കടുങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ, മണ്ഡലം പ്രസിഡന്റുമാരായ പി.എം നജീബ്, ഷംസു തലക്കോട്ടിൽ വാർഡ് കൗൺസിലർ അൻവർ കുടിലിൽഎന്നിവർ പ്രസംഗിച്ചു.

കെ. കരുണാകരൻ ഉമ്മൻ ചാണ്ടി സ്മാരക കോൺഗ്രസ് മന്ദിരം കളമശേരിയിൽ വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു.

വിശ്വാസി മഹാസംഗമം 23 ന്

അങ്കമാലി : സീറോ മലബാർ സഭ വിശ്വാസികൾ 23 ന് അങ്കമാലിയിൽ വിശ്വാസ റാലിയും, മഹാ സമ്മേളനവും നടത്തുമെന്ന് വിശ്വാസ കൂട്ടായ്മ കോ-ഓർഡിനേഷൻ ഭാരവാഹികളായ ഡോ. എം. പി ജോർജ്, അഡ്വ വർഗീസ് കോയിക്കര , ഷൈബി പാപ്പച്ചൻ, ജോണി തോട്ടക്കര ,മാർട്ടിൻ പയ്യപ്പിള്ളി എന്നിവർ അറിയിച്ചു.

അതിരൂപതയിലെ വടക്കൻ മേഖലകളിൽ ഉൾപ്പെടുന്ന അങ്കമാലി, മൂഴിക്കുളം, മഞ്ഞപ്ര, കാഞ്ഞൂർ, കൊരട്ടി, വല്ലം, കറുകുറ്റി, മൂക്കന്നൂർ എന്നീ എട്ട് ഫൊറോനകളിലെ വിവിധ ഇടവകകളിൽ നിന്നുമുള്ള വിശ്വാസികൾ ഏക മനസോടെ ഒരേ ബലി എന്ന സത്യവിശ്വാസത്തിന് വേണ്ടി ഇവിടെ സംഗമിക്കും. അതിരൂപതയിലെ എട്ട് ഫൊറോനകളിൽ പെട്ടാ വിവിധ ഇടവകകളിൽ നിന്നുള്ള ഭാരവാഹികൾ , പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന അൽമായരാണ് റാലിയിലും വിശ്വാസി സംഗമത്തിലും പങ്കെടുക്കുന്നത്. 22 വെള്ളി രാവിലെ 8 ന് അങ്കമാലി സെന്റ് ഹോർമീസ് കിഴക്കേ പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന പൂർവ്വ പിതാക്കൻമാരുടെ കബറിടങ്ങളിൽ പുഷ്പാർച്ചന നടത്തും. 23 ന് വൈകീട്ട് നാലിന് മഹാറാലി കിഴക്കേ പള്ളിയിൽ നിന്ന് ആരംഭിക്കും. മുനിസിപ്പൽ പഴയ ഓഫീസിന് സമീപത്തുള്ള ഗ്രൗണ്ടിൽ വിശ്വാസമഹാ സംഗമം നടക്കും. ഫാ. ആന്റണി പൂതവേലി ഉദ്ഘാടനം ചെയ്യും. മേഖല ജനറൽ കൺവീനർ ഡോ. എം. പി. ജോർജ് അധ്യക്ഷത വഹിക്കും.

വൈദീകർ ഉൾപ്പെടെ സഭയിലെ പ്രമുഖ അൽമായർ പ്രസംഗിക്കും. ഏപ്രിൽ മാസം അവസാന വാരത്തിൽ തെക്കൻ മേഖല വിശ്വാസി സംഗമം ചേർത്തല മുട്ടത്ത് വച്ച് നടത്തപ്പെടും.

'ഷണ്ഡൻ' എം.എം. മണിയുടെ നാടൻ ഭാഷാപ്രയോഗം

'ആരെയും വ്യക്തിഹത്യ നടത്തുന്ന പാർട്ടിയല്ല സിപിഎം'

തൊടുപുഴ: ഡീൻ കുര്യാക്കോസിനെതിരായ എം എം മണിയുടെ അധിക്ഷേപ പരാമർശത്തെ ന്യായീകരിച്ച് സിപിഎം ഇടുക്കി ജില്ലാ സെക്രട്ടറി സി വി വർഗീസ്. മണിയുടേത് നാടൻ ഭാഷാ പ്രയോഗം മാത്രമാണ്. തങ്ങൾ ആരെയും വ്യക്തിഹത്യ നടത്തുന്ന പാർട്ടി അല്ലെന്നും വർഗീസ് പറഞ്ഞു.

ഡീൻ കുര്യാക്കോസ് ഷണ്ഡനാണെന്നും ചത്തതിനൊക്കുവേ ജീവിച്ചിരിക്കുന്നതെന്നും ഇടുക്കി തൂക്കുപാലത്തെ പാർട്ടി പരിപാടിയിൽ നടത്തിയ പ്രസംഗത്തിൽ എം എം മണി പരിഹസിച്ചിരുന്നു.ബ്യൂട്ടി പാർലറിൽ കയറി പൗഡറും പൂശി ഫോട്ടോ എടുത്ത് നടപ്പാണെന്നും കെട്ടിവച്ച കാശുപോലും ഡീനിന് കിട്ടില്ലെന്നും എം എം മണി പറഞ്ഞു. മുൻ എം പി പി ജെ കുര്യൻ പെണ്ണുപിടിയനെന്നും എംഎൽഎ അധിക്ഷേപിച്ചു.

''ഇപ്പോ ദേ പൗഡറൊക്കെ പൂശി ഒരാളുടെ ഫോട്ടോ വച്ചിട്ടുണ്ട്, ഡീൻ. ശബ്ദിച്ചോ, ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും. ശബ്ദിച്ചിട്ടുണ്ടോ ഈ കേരളത്തിനുവേണ്ടി. നാടിനുവേണ്ടി പ്രസംഗിച്ചോ? എന്തു ചെയ്തു? ചുമ്മാതെ വന്നിരിക്കുവാ, പൗഡറും പൂശി ബ്യൂട്ടി പാർലറിൽ കയറി പടവും എടുത്ത് നടക്കുന്നു. ജനങ്ങൾക്കൊപ്പം നിൽക്കാതെ ജനങ്ങൾക്കുവേണ്ടി സംസാരിക്കാതെ നടക്കുന്നു, ഷണ്ഡൻ.ഷണ്ഡൻമാരെ ഏൽപ്പിക്കുകയാ.... ഏൽപ്പിച്ചോ, കഴിഞ്ഞ തവണ വോട്ടു ചെയ്തവരൊക്കെ അനുഭവിച്ചോ. പിന്നേം വന്നിരിക്കുവാ ഞാൻ ഇപ്പോ ഒലത്താം ഒലത്താമെന്ന് പറഞ്ഞ്. ഇപ്പോ നന്നാക്കും. നീതിബോധമുള്ളവരാണെങ്കിൽ കെട്ടിവച്ച കാശു കൊടുക്കാൻ പാടില്ല.'' എം എം മണിയുടെ ഇത്തരീ അധിക്ഷേപ പരാമർശത്തെയാണ് സി വി വർഗീസ് ന്യായീകരിച്ചത്.

ദേവികുളം മുൻ എംഎൽഎ എസ് രാജേന്ദ്രൻ പാർട്ടി വിടില്ലെന്നും അദ്ദേഹം പറഞ്ഞു. തെരഞ്ഞെടുപ്പിൽ ഉൾപ്പെടെ രാജേന്ദ്രൻ സജീവമായി ഇറങ്ങും. രാജേന്ദ്രൻ വ്യക്തികളെ കാണുന്നതിനോട് പാർട്ടിക്ക് എതിർപ്പില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എ കെ. ആന്റണിയുടെയും കെ കരുണാകരന്റെയും കുടുംബത്തിൽ നിന്നുള്ളവർ ബിജെപിയിൽ എത്തി. ഇനി ഉമ്മൻ ചാണ്ടിയുടെ കുടുംബത്തിൽ നിന്നും കൂടി ആരെങ്കിലും പോയാൽ മതിയെന്നും അദ്ദേഹം വിമർശിച്ചു.

തങ്കി സെന്റ് മേരീസ് ഫൊറോനപള്ളി വിശുദ്ധവാരാചരണത്തിന് ഒരുക്കങ്ങൾ പൂർത്തിയായി

ചേർത്തല: പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ തങ്കി സെന്റ് മേരീസ് ഫൊറോനപള്ളിയിൽ വിശുദ്ധവാരാചരണത്തിന് ഒരുക്കങ്ങൾ പൂർത്തിയതായി അസോസിയേറ്റ് വികാരി ഫാ.ബെന്നി തോപ്പിപറമ്പിൽ,ട്രസ്റ്റി ഷാജിമരക്കാശ്ശേരിൽ,പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ടി.ഡി.മൈക്കിൾ,കൺവീനർമാരായ കെ. ജെ.സെബാസ്റ്റൻ,ജോസ്ബാബു,ജോസ് സേവ്യർ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

24 മുതൽ 31വരെയാണ് അത്ഭുത തിരുസ്വരൂപ പ്രതിഷ്ഠയുടെ 88ാം വാർഷികവും തിരുസ്വരൂപ വണക്കവും ഉൾപെടുത്തിയുള്ള വാരാചരണം. ഒരുമാസമായി നടന്നുവരുന്ന വലിയ നോമ്പ് തീർത്ഥാടനത്തിന്റെ തുടർച്ചയായാണ് വാരാചരണം.ഏഴു വർഷങ്ങൾക്കു ശേഷം കർത്താവിന്റെ അത്ഭുതതിരുസ്വരൂപം പൊതുവണക്കത്തിനും നഗരികാണിക്കലിനുമായി ഇക്കുറി പുറത്തിറക്കുന്നു എന്ന പ്രത്യേകതയുണ്ട്.

വാരാചരണത്തിനായി സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമെത്തുന്ന വിശ്വാസികൾക്കായി വിപുലമായ ക്രമീകരണങ്ങളാണൊരുക്കിയിരിക്കുന്നത്. നിലവിൽ കർമ്മലീത്ത മിഷൻ ധ്യാനം നടന്നുവരികയാണ്. 24-ന് കുരുത്തോല പെരുന്നാളോടെയാണ് വിശുദ്ധവാരതിരുക്കർമ്മങ്ങൾ തുടങ്ങുന്നത്. വികാരി ഫാ.ജോർജ്ജ് എടേഴത്തിന്റെ കാർമ്മികത്വത്തിൽ കുരുത്തോല വെഞ്ചരിപ്പും ഓശാന പ്രദക്ഷിണവും നടക്കും.

28-ന് പെസഹാ വ്യാഴദിനത്തിൽ നടക്കുന്ന സമൂഹബലിയിൽ ഫാ.ജോസഫ്പുത്തൻപുരക്കൽ പ്രസംഗിക്കും.തുടർന്ന് കാൽകഴുകൽ ശുശ്രൂഷ, ദിവ്യകാരുണ്യ പ്രദക്ഷിണം,ഏഴിന് മാനവ മൈത്രി ദീപകാഴ്ച ചാണ്ടി ഉമ്മൻ എംഎൽഎ ഉദ്ഘാടനം ചെയ്യും.12-ന് കർത്താവിന്റെ അത്ഭുത തിരുസ്വരൂപം പരസ്യവണക്കത്തിനായി പ്രത്യേക പന്തലിൽ പ്രതിഷ്ഠിക്കും. കൊച്ചി മെത്രാൻ ഡോ.ജോസഫ് കരിയിൽ കാർമ്മികനാകും.12.30- മുതൽ കുരിശിന്റെ വഴി.

29-ന് രാവിലെ 10-ന് കല്ലറജപം,11-ന് പുത്തൻപാന,വൈകിട്ടു മൂന്നു മുതൽ കുരിശുവന്ദനം,ദിവ്യകാരുണ്യ സ്വീകരണം,നാലിനു ഡോ.ആന്റണി പൊൻവേലിലിന്റെ നേതൃത്വത്തിൽ പീഢാനുഭവ പ്രസംഗം, അഞ്ചിന് നഗരികാണിക്കൽ,രാത്രി പത്തിന്കല്ലറജപം,12-ന് കബറടക്കം.30-ന് വലിയശനിയിൽ രാവിലെ 11-ന് തീ , വെള്ളം വെഞ്ചരിപ്പ്,തുടർന്ന് പ്രദക്ഷിണം.,31-ന് ഈസ്റ്റർ ദിവ്യബലി.

വിവിധ ഭാഗങ്ങളിൽ നിന്നും കെഎസ്ആർടിസി പ്രത്യേക സർവീസുകൾ ഒരുക്കിയിട്ടുണ്ട്. ക്രമീകരണങ്ങൾക്കായി പൊലീസിനൊപ്പം പ്രത്യേകമായി 2000 വാളണ്ടിയർമാരെയും സജ്ജമാക്കിയിട്ടുണ്ട്.

സ്പെയർ റീട്ടെയിലേർസ് അസോസിയേഷന്റെ സംസ്ഥാന കൗൺസിൽ യോഗം

അങ്കമാലി : ഓട്ടോമൊബൈൽ സ്പെയർ റീട്ടെയിലേർസ് അസോസിയേഷന്റെ 2024 - 27 കാലഘട്ടത്തിലേക്ക് ഉള്ള പുതിയ ഭരണസമിതിയുടെ പ്രഥമ സംസ്ഥാന കൗൺസിൽ യോഗവും ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പും റോജി എം.ജോൺ. എം എൽ എ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ബിജു പൂപ്പത്ത് അധ്യക്ഷത വഹിച്ചു . ബിജു പി , ലത്തീഫ് ഹാഷിം, രാജേഷ് പാലാ, അബൂബക്കർ സിദ്ദിഖ്, വിൽസൺ കുരിശിങ്കൽ, ജോൺ ആലപ്പാട്ട് തുടങ്ങിയവർ പ്രസംഗിച്ചു. നേതൃത്വ പരിശീലന ക്യാമ്പിനും ബിസിനസ് മോട്ടിവേഷൻ ക്ലാസ്സിനും സുപ്രസിദ്ധ ബിസിനസ് ട്രെയിനർ ഡി. ഹരികുമാർ നേതൃത്വം നൽകി. 'മംഗലശ്ശേരി യുണൈറ്റഡ് ക്ലബ്ബിൽ വച്ച് നടന്ന രണ്ട് ദിവസം നീണ്ടുനിന്ന ഈ ക്യാമ്പിൽ കേരളത്തിലെ 14 ജില്ലകളിൽ നിന്നുമുള്ള നൂറോളം ഭാരവാഹികൾ പങ്കെടുത്തു.

ഇ.പി ജയരാജന് പ്രതിപക്ഷ നേതാവിന്റെ വക്കീൽ നോട്ടീസ്

പറവൂർ:അപകീർത്തികരവും അവാസ്തവവുമായ പ്രസ്താവന നടത്തിയ എൽഡിഎഫ് കൺവീനർ ഇ.പി ജയരാജനെതിരെ പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ വക്കീൽ നോട്ടീസ് അയച്ചു. മാർച്ച് 20 ന് തിരുവനന്തപുരത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ ഇ.പി ജയരാജൻ നടത്തിയ അപകീർത്തികരമായ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഹൈക്കോടതി അഭിഭാഷകൻ അനൂപ് വി. നായർ മുഖേനയാണ് നോട്ടീസ് അയച്ചത്. അപകീർത്തികരവും അവാസ്തവവും വ്യാജവുമായ പ്രസ്താവന ഏഴ് ദിവസത്തിനകം പിൻവലിച്ച് ഇ.പി ജയരാജൻ പരസ്യമായി മാപ്പ് പറഞ്ഞില്ലെങ്കിൽ സിവിൽ, ക്രിമിനൽ നിയമ നടപടികളുമായി മുന്നോട്ട് പോകുമെന്നും നോട്ടീസിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അശാന്തം 2023 ചിത്രകലാ പുരസ്കാരം വിപിൻ വടക്കിനിയിലിന്

കൊച്ചി : ചിത്രകാരനും ശില്പിയുമായിരുന്ന അശാന്തന്റെ (വി. കെ മഹേഷ് കുമാർ) സ്മരണക്കായി ഇടപ്പള്ളി വടക്കും ഭാഗം സർവീസ് സഹകരണ ബാങ്ക് ഏർപ്പെടുത്തിയിട്ടുള്ള അശാന്തം 2023 സംസ്ഥാന തല ചിത്രകലാ പുരസ്കാരം നാലാമത് എഡിഷന്റെ പുരസ്കാരങ്ങൾ ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പ്രഖ്യാപിച്ചു. ടൈറ്റിൽ അവാർഡിന് വിപിൻ വടക്കിനിയിൽ അർഹനായി. ടി ആർ ഉദയകുമാർ, റിഞ്ചു.എം എന്നിവർക്ക് സ്പെഷ്യൽ ജൂറി അവാർഡും ജിബിൻ കളർലിമ , ബിനു കൊട്ടാരക്കര എന്നിവർ കൺസോലേഷൻ അവാർഡിനും അർഹരായി. അശാന്തം ടൈറ്റിൽ അവാർഡിന് 25,000 രൂപയും പ്രത്യേകം രൂപ കല്പന ചെയ്ത ശില്പവും പ്രശസ്തി പത്രവും, സ്പെഷ്യൽ ജൂറി അവാർഡിന് 10,000 രൂപയും ശില്പവും പ്രശസ്തിപത്രവും, കൺസൊലേഷൻ അവാർഡിന് 5,000 രൂപ യും ശില്പവും പ്രശസ്തി പത്രവും സമ്മാനിക്കും. പ്രശസ്ത ചിത്രകാരന്മാരായ ചന്ദ്രൻ ടി. വി , മനോജ് വൈലൂർ, കെ. ശശികുമാർ, എന്നിവരടങ്ങിയ ജൂറിയാണ് അവാർഡ് ചിത്രങ്ങൾ തിരഞ്ഞെടുത്തത്.

ബാങ്ക് ബ്രാഞ്ച് ഓഡിറ്റ് സെമിനാർ ഫെഡറൽ ബാങ്ക് ലിമിറ്റഡ് ഗ്രൂപ്പ് പ്രസിഡന്റും ചീഫ് ഫിനാൻഷ്യൽ ഓഫീസറുമായ വെങ്കിട്ടരാമൻ വെങ്കിടേശ്വരൻ ഉദ്ഘാടനം ചെയ്യുന്നു.

പുതിയ കാലത്തെ വലിയ മാറ്റങ്ങൾ ബാങ്കിങ് മേഖലയിലും വിപ്ലവം സൃഷ്ടിച്ചു: വെങ്കിട്ടരാമൻ വെങ്കിടേശ്വരൻ

കൊച്ചി: പുതിയ കാലത്ത് സാങ്കേതികതയിൽ ഉൾപ്പെടെ വലിയ മാറ്റങ്ങൾ വന്നത് ബാങ്കിംഗ് മേഖലയും വലിയ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചതെന്ന് ഫെഡറൽ ബാങ്ക് ലിമിറ്റഡ് ഗ്രൂപ്പ് പ്രസിഡന്റും ചീഫ് ഫിനാൻഷ്യൽ ഓഫീസറുമായ വെങ്കിട്ടരാമൻ വെങ്കിടേശ്വരൻ പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് സംഘടിപ്പിച്ച ബാങ്ക് ബ്രാഞ്ച് ഓഡിറ്റ് സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ബാങ്കിംഗ് മേഖലയുടെ ആരോഗ്യമാണ് സാമ്പത്തിക രംഗത്തിന്റെ ആരോഗ്യം നിർണയിക്കുന്നത്. ബാങ്കിംഗ് പ്രവർത്തനങ്ങളാണ് സാമ്പത്തിക രംഗത്തിന്റെ വളർച്ച രേഖപ്പെടുത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

സാങ്കേതിക വികസനങ്ങളുമായി ബന്ധപ്പെട്ട് ബാങ്കിംഗ് മേഖലയിലും കുതിച്ചുചാട്ടമാണുണ്ടായത്. എല്ലാ രേഖകളും വളരെ വേഗത്തിൽ ലഭ്യമാകുന്നതും ഏതു പരിശോധനയും വിരൽ തുമ്പിൽ ലഭ്യമാക്കാൻ കഴിയുന്നതും വളർച്ചയുടെ വേഗം കൂട്ടിയതായും അദ്ദേഹം പറഞ്ഞു.

ഉപഭോക്താക്കൾ കഴിഞ്ഞാൽ ബാങ്കിംഗിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്നത് സാങ്കേതികതയെ കുറിച്ചാണെന്നും വെങ്കിട്ടരാമൻ വെങ്കിടേശ്വരൻ കൂട്ടിച്ചേർത്തു. ഐ സി എ ഐ എറണാകുളം ബ്രാഞ്ച് ചെയർമാൻ സലിം എ അധ്യക്ഷത വഹിച്ചു. കുന്ദൽ പി ഷാ, ധനഞ്ജയ് ജെ ഗോഖലെ, മണികണ്ഠൻ എം എന്നിവർ വ്യത്യസ്ത വിഷയങ്ങൾ അവതരിപ്പിച്ചു.

അനുസ്മരണ സമ്മേളനവും അവാർഡ് ദാനവും

കൊച്ചി : ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ആചാര്യനും പത്രപ്രവർത്തകനുമായിരുന്ന പി. കെ ഡീവർ അനുസ്മരണ സമ്മേളനവും അവാർഡ് ദാനവും ഞായറാഴ്ച എറണാകുളം അദ്യാപക ഭവനിൽ നടക്കും. ഡീവർ സ്മാരക സമിതി ഏർപ്പെടുത്തിയ ഡീവർ സ്മാരക അവാർഡിന് മാതൃഭൂമി എറണാകുളം ബ്യൂറോ ചീഫ് കെ. പത്മജൻ അർഹനായതായി ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പതിനായിരത്തൊന്ന് രൂപയും പ്രശസ്തി പത്രവും ഫലകവുമാണ് പുരസ്കാരം. ഞായറാഴ്ച വൈകിട്ട് 5ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ ജസ്റ്റിസ് സി.കെ അബ്ദുൾ റഹീം ഉദ്ഘാടനവും പുരസ്ക്കാര സമർപ്പണവും നടത്തും. വാർത്താസമ്മേളനത്തിൽ സമിതി പ്രസിഡന്റ് ടി.കെ രമേശൻ, എ.കെ വാമലോചനൻ, സി.ആർ ശിവകുമാർ എന്നിവർ പങ്കെടുത്തു.

മഞ്ഞപ്ര മാർ സ്ലീവ ഫൊറോന പള്ളി വിശുദ്ധവാര തിരുക്കർമ്മങ്ങൾ 24 മുതൽ

അങ്കമാലി: മഞ്ഞപ്ര മാർ സ്ലീവ ഫൊറോന പള്ളിയിൽ വിശുദ്ധവാരം (വലിയ ആഴ്ച) തിരുക്കർമ്മങ്ങൾ ഓശാന ഞായറാഴ്ച 24 ന് രാവിലെ 6.30 ന് വിവിധ തിരുക്കർമ്മങ്ങളോടെ പ്രാരംഭം കുറിക്കും. സെന്റ് മേരീസ് യു. പി. സ്കൂൾ അങ്കണത്തിൽ കുരുത്തോല വെഞ്ചിരിപ്പ്, വിതരണം തുടർന്ന് പള്ളിയിലേക്ക് കുരുത്തോല പ്രദക്ഷിണം, വിശുദ്ധ കുർബാന പ്രസംഗം, 9 നും വിശുദ്ധ കുർബാന ഉണ്ടാകും.

ആത്മിയാഗ്നി ബൈബിൾ കൺവെൻഷൻ 24 മുതൽ 26 വരെയാണ്. ദിവസവും വൈകീട്ട് 5.30 ന് വിശുദ്ധ കുർബാന ഗാനശുശ്രൂഷ, പ്രസംഗം, ആരാധന. മാർച്ച് 25,2627 ദിവസങ്ങളിൽ രാവിലെ 6 മുതൽ 8 മണി വരെയും, വൈകീട്ട് 6 മണി മുതൽ 8 വരെയും കുമ്പസാരത്തിനുള്ള സൗകര്യം ഉണ്ടാകും. കിടപ്പ് രോഗികൾക്ക് കുമ്പസാരം, വിശുദ്ധ കുർബാന നൽകൽ 27 ന് വീട്ടിൽ കൊണ്ടുവന്ന് നൽകും. 28 ന് രാവിലെ 6.30 ന് പെസഹാ തിരുക്കർമ്മങ്ങൾ, കാലു കഴുകൽ ശുശ്രൂഷ, വിശുദ്ധ കുർബന, ആരാധന ദിനം. ഉച്ചകഴിഞ്ഞ് 2.30 ന് കാലു കഴുകൽ ശുശ്രൂഷ നേർച്ച. വൈകീട്ട് 6 മണി മുതൽ ഏഴ് വരെ പൊതു ആരാധന അപ്പം മുറിക്കൽ ശുശ്രൂഷ, അപ്പവും ,പാലും വിതരണം എന്നിവ ഉണ്ടാകും. ഉപവാസ ദിനമായ ദുഃഖവെള്ളി ദിനത്തിൽ രാവിലെ 6.30 ന് പീഢാനുഭവ വെള്ളി തിരുക്കർമ്മങ്ങൾ, കുരിശ് ചുംബനം.

വൈകീട്ട് 4 ന് ആഘോഷമായ കുരിശിന്റെവഴി പള്ളിയിൽ പീഢാനുഭവ സന്ദേശം, നഗരികാണിക്കൽ . രാത്രി 9 ന് കബറടക്ക ശുശ്രൂഷ.

ദുഃഖശനി ദിനത്തിൽ രാവിലെ 5.30 ന് വിശുദ്ധ കുർബാന മാമ്മോദീസ വ്രത നവീകരണം. വെള്ളവും ദീപവും വെഞ്ചിരിപ്പ് തുടർന്ന് 7ന് ദിവ്യബലി. രാത്രി 11.45 ന് ഉയിർപ്പ് തിരുക്കർമ്മങ്ങൾ പ്രദക്ഷിണം,ആലോഷമായ ദിവ്യബലി. ഉയിർപ്പ്ഞായറാഴ്ച രാവിലെ 5.30, ഏഴിനും , 9 നും ദിവ്യബലി എന്നിവയാണ് വിശുദ്ധവാരത്തിലെ പ്രധാന തിരുകർമ്മങ്ങൾ.

Piramal

പിറമൽ ക്യാപിറ്റൽ ആൻഡ് ഹൗസിങ് ഫിനാൻസ്

(ദിവാൻ ഹൗസിങ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന് മുമ്പ് അറിയപ്പെട്ടിരുന്നത്)

കോർപ്പറേറ്റ് ഓഫീസ്: യൂണിറ്റ് നമ്പർ 601, ആഗ്രം നില, പിറവം അമിതി ബിൽഡിങ്, പിറവം അമേനിറ്റി കോർപ്പറേറ്റ് പാർക്ക്, കഴക്കൂട്ടം സെക്ഷൻ, പത്തടിപ്പാലം, ഹൗസിങ്ബ്രൂണ് ജംഗ്ഷൻ, കുന്നുകുഴി ബൈപ്പാസ്, തിരുവനന്തപുരം, കേരളം- 400 070.

പൊസ്സഷൻ നോട്ടീസ് {(അനുബന്ധം IV) റൂൾ 8 (1) }

താഴെപ്പറയുന്നതെന്തെന്നാൽ നോട്ടീസിനു താഴെ ഒപ്പിട്ടിരിക്കുന്ന പിറവൽ ക്യാപിറ്റൽ ആൻഡ് ഹൗസിങ് ഫിനാൻസ് ലിമിറ്റഡിന്റെ (ദിവാൻ ഹൗസിങ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന് ഇന്ന് അറിയപ്പെടുന്നത്) അംഗീകൃത ഓഫീസർ 2002 ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് സെക്ഷൻ 13(12) റൂൾ 3 പ്രകാരം വായിക്കുക, കീഴിൽ അനുവദിച്ചിട്ടുള്ള അധികാരങ്ങൾ പയോഗിച്ച് താഴെപ്പറയുന്ന വായ്പക്കാരെ (കടക്കാരെ വിളംബരം താഴെ കൊടുത്തിരിക്കുന്നു) 60 ദിവസത്തിനുള്ളിൽ പണം തിരിച്ചടക്കണമെന്നും വീഴ്ചയെപ്രതി കൈവശത്തിലുള്ള സിക്യൂരിറ്റി അവകാശപ്പെടുന്നതിനായി സെക്ഷൻ 13(4) സബ് സെക്ഷൻ (4) റൂൾ 8 പ്രകാരവും വായിക്കുക പ്രകാരമുള്ള അധികാരം ഉപയോഗിച്ച് അംഗീകൃത ഓഫീസർ ജാമ്യം നൽകിയിരിക്കുന്ന വസ്തുവിന്റെ ജപ്തി നടത്തിയതായി ഈ നോട്ടീസിലൂടെ വായ്പ്പക്കാരനേയും പൊതുജനങ്ങളെയും അറിയിക്കുന്നു. താഴെപ്പറയുന്ന ജാമ്യവസ്തുവിൽ യാതൊരു വിധത്തിലുള്ള ഇടപാടുകളും അനുവദിക്കില്ലെന്നും അതനുസരിച്ചുള്ള സംഭവിച്ചാൽ ആക്റ്റിന്റെ സെക്ഷൻ 13 , സബ് സെക്ഷൻ 8 അധികാരം ഉപയോഗിച്ച് പിറവൽ ക്യാപിറ്റൽ ആൻഡ് ഹൗസിങ് ഫിനാൻസ് ലിമിറ്റഡിന് (ദിവാൻ ഹൗസിങ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന് ഇന്ന് അറിയപ്പെടുന്നത്) ലിമിറ്റഡിന് ചാർജ് ചെയ്യാവുന്നതാണെന്നും വായ്പ്പക്കാരനേയും പൊതുജനങ